# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1170 06.02.2020 ൽ മറുപടിക്ക്**

**അപകടാവസ്ഥയിലുള്ള പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ ആർ. രാമചന്ദ്രൻ** | | **ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) | കരുനാഗപ്പള്ളി കാട്ടൂർ കടവ് പാലത്തിന്റെ ശോച്യാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) | കരുനാഗപ്പള്ളി കാട്ടൂർ കടവ് പാലത്തിന്റെ ശോച്യാവസ്ഥ പരിശോധിക്കുകയും റിപ്പോർട്ട് ഡിസൈൻ വിംഗിനു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| ബി) | പ്രസ്തുത പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) | പാലത്തിന്റെ ഹാൻഡ് റെയിൽ, വെയറിംഗ് കോട്ട് എന്നിവയുടെ അറ്റകുറ്റപണികൾക്കായി മെയിന്റനൻസിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഇതിന് ഭരണാനുമതി നൽകി നിലവിൽ ടെണ്ടർ സ്റ്റേജിലാണ്. പാലത്തിന്റെ സബ് സ്ട്രക്ചറിലുള്ള വിള്ളൽ സംബന്ധിച്ച പഠന റിപ്പോർട്ട് വിദഗ്ധ അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| സി) | പത്തിയൂർ കടവ് പാലത്തിന്റെ ഉറപ്പും ബലവും നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | സി) | കൊല്ലം ബ്രിഡ്ജസ് വിഭാഗത്തിന്റെ കീഴിൽ പത്തിയൂർകടവ് പാലം ഇല്ല. എന്നാൽ പണിക്കർകടവ് എന്ന പേരിൽ ഒരു പാലമുണ്ട്. പണിക്കർകടവ് പാലത്തിന്റെ റീഹാബിലിറ്റേഷൻ നടത്തുന്നതിനു വേണ്ടി DMF ൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | അപകടാവസ്ഥയിലുള്ള കാട്ടൂർകടവ്, പത്തിയൂർകടവ് പാലങ്ങളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ച് എത്രയും വേഗം ഗതാഗത യോഗ്യമാക്കുമോ; വിശദാംശം നൽകുമോ? | ഡി) | പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കി ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ